കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചുവന്ന വ്യവസായങ്ങളിൽ എത്ര എണ്ണം നഷ്ടത്തിലായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2010-11 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന 23 പൊതുമേഖലാ സ്ഥാപനങ്ങളിൽ പതിനൊന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്.

അന്തർദ്ദേശീയ ഫർണിച്ചർ ഹബ്

170(2159) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എറണാകുളം നഗരത്തിൽ അന്തർദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 6.50 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

എറണാകുളം അന്തർദ്ദേശീയ ഫർണിച്ചർ ഹബ് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, കൺസോർഷ്യം എന്നിവയുടെ സംയുക്ത പദ്ധതിയാണ്. ഈ പദ്ധതിക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ വകുപ്പിന്റെ modified Industrial Infrastrucute Upgradation Scheme (MIIUS) പദ്ധതി പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തിന്റെ ആദ്യ ഗഡുവായ 6.50 കോടി രൂപ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ ഇത വിനിയോഗിച്ചിട്ടില്ല.

യുവസംരംഭകർക്കുള്ള ധനസഹായം

171(2160) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി ആരംഭിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly